**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1863** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ മായം ചേർക്കുന്നത് പരിശോധിക്കാൻ സ്ട്രിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തിൽ മായം ചേർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്ന സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമല്ലെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ? | (എ) | ടെസ്റ്റിംഗ് കിറ്റ് പൊതുവിപണിയിൽ ലഭ്യമാണ്. എന്നാൽ ടി കിറ്റിന് ഷെൽഫ് ലൈഫ് കുറവായതിനാൽ വിതരണക്കാർ അധിക സ്റ്റോക്ക് എടുത്തു സൂക്ഷിക്കാറില്ല എന്ന കാരണത്താൽ പല അവസരങ്ങളിലും കിറ്റിന്റെ ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി ബന്ധപ്പെട്ട് കിറ്റിന്റെ സാങ്കേതിക വിദ്യ കൈമാറിയിട്ടുള്ള കമ്പനികൾ ആവശ്യാനുസരണം ഉല്പാദിപ്പിക്കുന്നതിനും ആയത് പൊതുവിപണിയിൽ കൂടുതൽ ഫലപ്രദമായും ആവശ്യാനുസരണവും ലഭ്യമാക്കുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ